**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2214** **20-01-2021 - ൽ മറുപടിയ്ക്ക്**

**വൃദ്ധജനങ്ങളുടെ ആരോഗ്യസംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . അബ്ദുൽ ഹമീദ് .പി .,<br>ശ്രീ . പാറക്കൽ അബ്ദുല്ല ,<br>ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ എൻ. എ. നെല്ലിക്കുന്ന് | | Smt. K. K .Shailaja Teacher<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
| (എ) | കോവിഡ് നിയന്ത്രണങ്ങളുടെ സാഹചര്യത്തിൽ വൃദ്ധജനങ്ങൾക്ക് മാനസികോല്ലാസത്തിനും ആരോഗ്യസംരക്ഷണത്തിനുമുള്ള അവസരങ്ങൾ കുറവായതിനാൽ വൃദ്ധജനങ്ങളുടെ ആരോഗ്യസംരക്ഷണത്തിന് ആരോഗ്യവകുപ്പ് സാമൂഹ്യനീതി വകുപ്പുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കോവിഡ് മഹാമാരിയും അതേ തുടർന്നുള്ള ലോക്ക് ഡൗണും, റിവേഴ്സ് ക്വാറന്റയിനും വൃദ്ധജനങ്ങൾക്ക് അവരുടെ ഭവനങ്ങളിലോ മുറിക്കുള്ളിലോ ഏകാന്തതയോടെ കഴിയുന്നതിന് കാരണമാവുകയും ഇതേ തുടർന്ന് അവർക്ക് വിവിധ തരത്തിലുള്ള മാനസിക അസ്വാസ്ഥ്യം ഉടലെടുത്തതായും ശ്രദ്ധയിൽപ്പെട്ടതിനെതുടർന്ന് ഇത് ഒരു പരിധി വരെ നേരിടുന്നതിന് സംസ്ഥാന ആരോഗ്യവകുപ്പും, സാമൂഹ്യനീതി വകുപ്പും മറ്റ് ഏജൻസികളുമായി ഒത്തുചേർന്ന് കൊണ്ട് 'ഗ്രാന്റ് കെയർ പദ്ധതി' നടപ്പിലാക്കുക-യുണ്ടായി. കുടുംബശ്രീ, അംഗൻവാടി, പാലിയേറ്റീവ് കെയർ, ആശാപ്രവർത്തകർ എന്നിവരെ സംയോജിപ്പിച്ചുകൊണ്ട് കേരളത്തിലെ എല്ലാ വയോജനങ്ങളേയും നേരിട്ടും ടെലിഫോണിലൂടെയും ബന്ധപ്പെട്ടു-കയും അവരുടെ ആരോഗ്യപരവും മാനസികവുമായ ആവശ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനും ഗ്രാന്റ് കെയർ പദ്ധതിയിലൂടെ സാധിച്ചിട്ടുണ്ട്. വീടിനു പുറത്തിറങ്ങാൻ സാധിക്കാതിരുന്ന വൃദ്ധജനങ്ങൾക്ക് അവരുടെ ആവശ്യാനു-സരണം മരുന്നും, ഭക്ഷണവും മറ്റ് ആവശ്യങ്ങളും വീടിനുള്ളിൽ തന്നെ എത്തിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഒറ്റപ്പെടലും, ഏകാന്തതയും മാനസിക-പിരിമുറുക്കം വർദ്ധിപ്പിക്കുന്നതിന് സാധ്യതയു-ള്ളതിനാൽ മാനസികാരോഗ്യപദ്ധതിയുടെ ഭാഗമായി ഇവർക്ക് ടെലിഫോണിക് കൗൺസിലിംഗ് ഏർപ്പെടുത്തുകയും ചെയ്തിരുന്നു. 'ഒറ്റയ്ക്കല്ല ഒപ്പമുണ്ട്' എന്ന പദ്ധതിയിലൂടെ രണ്ട് ലക്ഷത്തോളം വരുന്ന ഒറ്റയ്ക്ക് താമസിക്കുന്ന വയോധികരെ ടെലിഫോണിലൂടെ ബന്ധപ്പെടുകയും അവരുടെ സുഖവിവരങ്ങൾ അന്വേഷിക്കു-കയും ചെയ്തിട്ടുണ്ട്. വയോജനങ്ങളുടെ |

| | | | |
|---|---|---|---|
| | | | മാനസികോല്ലാസത്തിനായി ഫെയിസ് ബുക്കിലൂടെ വിനോദ പരിപാടികളും ആരോഗ്യവകുപ്പ് ആസൂത്രണം ചെയ്തിട്ടുണ്ട്. കോവിഡ് നിയന്ത്രണങ്ങൾ വൃദ്ധജനങ്ങളെ ഏകാന്തതയിലേക്ക് നയിച്ചിട്ടുണ്ടെന്ന് ബോധ്യപ്പെട്ടിട്ടുണ്ടെങ്കിലും ഇത് സംബന്ധമായ പഠനങ്ങളൊന്നും നടത്തിയിട്ടില്ല. |
| (ബി) | കോവിഡ് നിയന്ത്രണങ്ങൾ വൃദ്ധജനങ്ങളെ സമൂഹത്തിൽ നിന്ന് കൂടുതൽ ഒറ്റപ്പെടുത്തുന്നതിന് ഇടയാക്കിയിട്ടുണ്ട് എന്നത് സംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോ; പരിഹാരമാർഗ്ഗങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | കോവിഡ് മഹാമാരിയും അതേ തുടർന്നുള്ള ലോക്ക് ഡൗണും, റിവേഴ്സ് ക്വാറന്റയിനും വൃദ്ധജനങ്ങൾക്ക് അവരുടെ ഭവനങ്ങളിലോ മുറിക്കുള്ളിലോ ഏകാന്തതയോടെ കഴിയുന്നതിന് കാരണമാവുകയും ഇതേ തുടർന്ന് അവർക്ക് വിവിധ തരത്തിലുള്ള മാനസിക അസ്വാസ്ഥ്യം ഉടലെടുത്തതായും ശ്രദ്ധയിൽപ്പെട്ടതിനെതുടർന്ന് ഇത് ഒരു പരിധി വരെ നേരിടുന്നതിന് സംസ്ഥാന ആരോഗ്യവകുപ്പും, സാമൂഹ്യനീതി വകുപ്പും മറ്റ് ഏജൻസികളുമായി ഒത്തുചേർന്ന് കൊണ്ട് 'ഗ്രാന്റ് കെയർ പദ്ധതി' നടപ്പിലാക്കുക-യുണ്ടായി. കുടുംബശ്രീ, അംഗൻവാടി, പാലിയേറ്റീവ് കെയർ, ആശാപ്രവർത്തകർ എന്നിവരെ സംയോജിപ്പിച്ചുകൊണ്ട് കേരളത്തിലെ എല്ലാ വയോജനങ്ങളേയും നേരിട്ടും ടെലിഫോണിലൂടെയും ബന്ധപ്പെട്ടു-കയും അവരുടെ ആരോഗ്യപരവും മാനസികവുമായ ആവശ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനും ഗ്രാന്റ് കെയർ പദ്ധതിയിലൂടെ സാധിച്ചിട്ടുണ്ട്. വീടിനു പുറത്തിറങ്ങാൻ സാധിക്കാതിരുന്ന വൃദ്ധജനങ്ങൾക്ക് അവരുടെ ആവശ്യാനു-സരണം മരുന്നും, ഭക്ഷണവും മറ്റ് ആവശ്യങ്ങളും വീടിനുള്ളിൽ തന്നെ എത്തിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഒറ്റപ്പെടലും, ഏകാന്തതയും മാനസിക-പിരിമുറുക്കം വർദ്ധിപ്പിക്കുന്നതിന് സാധ്യതയു-ള്ളതിനാൽ മാനസികാരോഗ്യപദ്ധതിയുടെ ഭാഗമായി ഇവർക്ക് ടെലിഫോണിക് കൗൺസിലിംഗ് ഏർപ്പെടുത്തുകയും ചെയ്തിരുന്നു. 'ഒറ്റയ്ക്കല്ല ഒപ്പമുണ്ട്' എന്ന പദ്ധതിയിലൂടെ രണ്ട് ലക്ഷത്തോളം വരുന്ന ഒറ്റയ്ക്ക താമസിക്കുന്ന വയോധികരെ ടെലിഫോണിലൂടെ ബന്ധപ്പെടുകയും അവരുടെ സുഖവിവരങ്ങൾ അന്വേഷിക്കു-കയും ചെയ്തിട്ടുണ്ട്. വയോജനങ്ങളുടെ മാനസികോല്ലാസത്തിനായി ഫെയിസ് ബുക്കിലൂടെ വിനോദ പരിപാടികളും ആരോഗ്യവകുപ്പ് ആസൂത്രണം ചെയ്തിട്ടുണ്ട്. കോവിഡ് നിയന്ത്രണങ്ങൾ വൃദ്ധജനങ്ങളെ ഏകാന്തതയിലേക്ക് നയിച്ചിട്ടുണ്ടെന്ന് ബോധ്യപ്പെട്ടിട്ടുണ്ടെങ്കിലും ഇത് സംബന്ധമായ പഠനങ്ങളൊന്നും നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ